# കേരള കാർഷിക സർവ്വകലാശാല
## നാളികേര ഗവേഷണ കേന്ദ്രം

കട്ടച്ചൽക്കുഴി,
ബാലരാമപുരം

നമ്പർ: ബി.889/2023(i)

തീയതി: 02.04.2024

### പുനർ ക്വട്ടേഷൻ / ലേലപ്പരസ്യം

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിലെ ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്ന മരങ്ങൾ 20/04/2024-ാം തീയതി പകൽ 11.00 മണിക്ക് മത്സര സ്വഭാവത്തിലുള്ള പുനർ ക്വട്ടേഷൻ/പരസ്യ ലേലം മുഖേന വിൽക്കുന്നതാണ്.

മരങ്ങളുടെ വിവരങ്ങൾ:-

| ക്രമ നമ്പർ | മരം | മരത്തിന്റെ നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആഞ്ഞിലി | 392 A- ബി ബ്ലോക്ക് | മുറിച്ചിട്ടത് |
| 2 | ആഞ്ഞിലി | 218 A- ബി ബ്ലോക്ക് | മുറിച്ചിട്ടത് |
| 3 | ആഞ്ഞിലി | 247 - ബി ബ്ലോക്ക് | മുറിച്ചിട്ടത് |
| 4 | ആഞ്ഞിലി | 407 - ബി ബ്ലോക്ക് | മുറിച്ചിട്ടത് |

ടി മരങ്ങൾ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ മുഖേന വാങ്ങുവാൻ താത്പര്യമുള്ളവർ താത്പര്യപ്പെടുന്ന വില (നാല് മരങ്ങൾക്കും ഒരുമിച്ച്) രേഖപ്പെടുത്തി കവറിലാക്കി സീൽ ചെയ്ത ക്വട്ടേഷൻ **"ആഞ്ഞിലി മരങ്ങളുടെ പുനർ ക്വട്ടേഷൻ"** എന്ന മേലെഴുത്തോടുകൂടി പ്രൊഫസർ ആന്റ് ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം–695501 എന്ന വിലാസത്തിൽ 20/04/2024 -ന് രാവിലെ **11.00** മണിയ്ക്ക് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം രാവിലെ **11.30** ന് ടി മരങ്ങളുടെ പരസ്യ ലേലവും ഉണ്ടായിരിക്കുന്നതാണ്.

ലേലത്തിനുശേഷം മരങ്ങൾക്കു വേണ്ടി ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ തുറക്കുന്നതും, ക്വട്ടേഷനിലും പരസ്യലേലത്തിലും ലഭ്യമായ കൂടിയ തുക, സർക്കാർ/സർവ്വകലാശാലാ മാനദണ്ഡങ്ങൾക്കും, മരങ്ങളുടെ വില്പനയ്ക്കായി രൂപീകരിക്കുന്ന സർവ്വകലാശാലാ ഉദ്യോഗസ്ഥർ ഉൾപ്പെട്ട കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായി അംഗീകരിക്കുന്നതുമായിരിക്കും. ടി മരങ്ങളുടെ വിൽപനയ്ക്ക് സർവ്വകലാശാലാ ഉദ്ദേശിച്ച വില ലഭ്യമായില്ലെങ്കിൽ ക്വട്ടേഷൻ/പരസ്യലേലം റദ്ദുചെയ്യുന്നതിനും പുനർ ക്വട്ടേഷൻ/പുനർ ലേലം നടത്തുന്നതിനു തീരുമാനിക്കുന്നതിനും ടി കമ്മിറ്റിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

പുനർ ക്വട്ടേഷനിലും, പരസ്യലേലത്തിലും പ്രത്യേകമായോ, രണ്ടിലും കൂടിയോ പങ്കെടുക്കുവാൻ താത്പര്യപ്പെട്ടു വരുന്നവർക്ക് അർഹതയുണ്ടായിരിക്കും. പുനർ ക്വട്ടേഷനിൽ/പരസ്യലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 1000 രൂപ (ആയിരം രൂപ) നിരതദ്രവ്യമായി ഈ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്.

പുനർ ക്വട്ടേഷൻ/പരസ്യലേലം ഉറപ്പിക്കുന്ന പക്ഷം മരങ്ങളുടെ ആകെ വിലയുടെ (ലേലം ഉറപ്പിച്ച തുക) മൂന്നിലൊന്നു തുക (നിരതദ്രവ്യത്തിനു പുറമേ) ഉടൻ തന്നെ ഈ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക 10 ദിവസത്തിനകം ഈ ഓഫീസിൽ ഒടുക്കി രസീതു കൈപ്പറ്റേണ്ടതും ഈ സ്റ്റേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ മാത്രം ലേല വസ്തുക്കൾ ഈ സ്റ്റേഷനിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ/ലേലത്തുകയോടൊപ്പം നിയമാനുസൃതമുള്ള 5% വന നികുതിയും, വന നികുതി ചേർത്തുള്ള ആകെ തുകയുടെ 18% GST യും ഈ ഓഫീസിൽ ഒടുക്കുവാൻ ലേലം/ക്വട്ടേഷൻ കൊണ്ടയാൾ ബാദ്ധ്യസ്ഥനായിരിക്കും.

ലേലവസ്തുക്കൾ സ്വന്തം ചെലവിൽ മുറിച്ച് കൊണ്ടുപോകേണ്ടത് ലേലം/ക്വട്ടേഷൻ കൊള്ളുന്നയാളുടെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും. ലേലവസ്തുക്കൾ ഈ സ്റ്റേഷനിൽനിന്നും പുറത്തുകൊണ്ടുപോകുമ്പോൾ ഈ സ്റ്റേഷനിലെ സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മരങ്ങൾക്കോ, കൃഷിയ്ക്കോ, പൊതുജനങ്ങൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ലേലം/ക്വട്ടേഷൻ കൊള്ളുന്നയാളുടെ ഉത്തരവാദിത്തമായിരിക്കുന്നതും അങ്ങനെ എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന്റെ നഷ്ടപരിഹാരം ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ/പരസ്യലേലം റദ്ദുചെയ്യുന്നതിനും, മാറ്റിവയ്ക്കുന്നതിനും, സ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സ്റ്റേഷൻ മേധാവിയിൽ/ഇതേ ആവശ്യത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക്/ പരസ്യലേലങ്ങൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും/പരസ്യ ലേലത്തിനും ബാധകമായിരിക്കും.

ലേലത്തിനുള്ള മരങ്ങൾ നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0471 – 2400621 എന്ന ടെലഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്
**പ്രൊഫസർ ആന്റ് ഹെഡ്**

പകർപ്പ്:

1. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്, വെള്ളായണി
2. അസിസ്റ്റന്റ് പ്രൊഫസർ, (ഫാം ഇൻ-ചാർജ്ജ്)
3. അസിസ്റ്റന്റ് പ്രൊഫസർ, (വെറ്റി. ഇൻ-ചാർജ്ജ്)
4. ഫാം മാനേജർ ഗ്രേഡ്-I
5. വെങ്ങാനൂർ/കോട്ടുകാൽ/ബാലരാമപുരം/കല്ലിയൂർ വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
6. ബാലരാമപുരം/കോട്ടുകാൽ/കല്ലിയൂർ/വെങ്ങാനൂർ പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
7. സ്റ്റേഷൻ പരിസരത്തുള്ള എല്ലാ തടിമില്ലുകളിലേയ്ക്കും.
8. കരുതൽ ശേഖരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്